പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

30.01.2018–ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1279

## ഹൈടെക് വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് നിലവാരത്തിലേക്കുയർത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ഏതെങ്കിലും പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് നിലവാരത്തിലേക്കുയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിദ്യാലയ ങ്ങളുടെ പദ്ധതി നിർവ്വഹണത്തിനുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസി'നെ തെരഞ്ഞെടുത്തിട്ടുണ്ട്. കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) പ്രസ്തുത വിദ്യാലയങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ അംഗീകൃത ഏജൻസികൾ തന്നെയാണോ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ; | (ബി) അല്ല. |
| (സി) ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള അപ്പർപ്രൈമറി വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയിൻ കീഴിൽ അപ്പർ പ്രൈമറി വിദ്യാലയങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ